**പ്രസിദ്ധീകരണത്തിന്**

കോവിഡ് 19 മഹാമാരിയുടെ വ്യാപനം ഇപ്പോഴും ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അതിന് കൂടുതൽ സാഹചര്യം ഒരുക്കുന്ന കാലവർഷക്കെടുതികൾമൂലമുള്ള ദുരിതങ്ങളും നമ്മുടെ നാട് ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ കോവിഡ് 19 എന്ന മഹാമാരിയെ പ്രതിരോധിക്കുവാനും വ്യാപനത്തെ നിയന്ത്രിക്കുവാനും നാം കൂടുതൽ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായി എൻ.എസ്.എസ്. ഹെഡ് ഓഫീസിനും എൻ.എസ്.എസ്സിന്റെ എല്ലാ താലൂക്ക് യൂണിയൻ ഓഫീസുകൾക്കും 2.9.2020 വരെ അവധി ദീർഘിപ്പിച്ചിരിക്കുകയാണ്.

അത്യാവശ്യ സാഹചര്യങ്ങൾ ഉണ്ടായാൽ അതാതു പ്രദേശങ്ങളിലെ കോവിഡ് 19 നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമേ താലൂക്ക് യൂണിയൻ ഓഫീസുകൾ തുറന്നു പ്രവർത്തിക്കാൻ പാടുള്ളൂ. സംഘടനാപരമായ ആവശ്യങ്ങൾക്ക് ഫോണിലൂടെ ബന്ധപ്പെടാവുന്നതേയുള്ളു.

പേമാരി, പ്രകൃതിക്ഷോഭം, ഉരുൾപൊട്ടൽ എന്നിവമൂലവും കരിപ്പൂർ വിമാനത്താവളത്തിൽ ഉണ്ടായ വിമാനാപകടം മൂലവും നിരവധി ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ജീവൻ പൊലിഞ്ഞവരോടുള്ള ആദരാഞ്ജലികൾ അർപ്പിക്കുകയും ദുരിതം അനുഭവിക്കുന്നവരോട് സഹാനുഭൂതി പ്രകടമാക്കുകയും കോവിഡ് വ്യാപനം ഏതുവിധേനയും പ്രതിരോധിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്. ഈ സാഹചര്യത്തിൽ, നമ്മുടെ ദേശീയോത്സവമാണെങ്കിൽകൂടിയും ഈ വർഷത്തെ ഓണാഘോഷം ഒഴിവാക്കുകയാണ് നാം ചെയ്യേണ്ടത്.

പെരുന്ന
9.8.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി